(ഡി) തൊഴിൽരഹിതരായ ഡോക്ടർമാരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്. സ്വകാര്യ മെഡിക്കൽ കോളേജുകളും സ്വകാര്യ ആശുപത്രികളും കൂടുതലായി നിലവിൽ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മെഡിക്കൽ ബിരുദധാരികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

ആരോഗ്യ വകുപ്പിന്റെ കീഴിൽ സി. പി. സി. സമ്പ്രദായം അവസാനിപ്പിച്ച് കോർപ്പറേഷൻ രൂപീകരിക്കുന്നതിന് നടപടി

121 [5908] ശ്രീ. ബിനോയ് വിശ്വം:

„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ സി. പി. സി. സമ്പ്രദായം അവസാനിപ്പിച്ച് പകരം ഒരു കോർപ്പറേഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കോർപ്പറേഷൻ എപ്പോൾ രൂപീകരിക്കും എന്നും അതിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടംവരെയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഡിസംബറിൽ സി. പി. സി. അനുസരിച്ച് ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമായ മരുന്നുകൾ സ്റ്റോക്കിൽ എടുക്കാത്തതുകൊണ്ട് ആശുപത്രികളിലേയ്ക്ക് പനിയടക്കമുള്ള പകർച്ചവ്യാധികൾക്ക് എതിരായ മരുന്നുകളുടെ വിതരണം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഗുരുതരമായ സ്ഥിതി വിശേഷത്തിനും കൃത്യവിലോപത്തെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം 'എ'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഉത്തരം 'സി'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ആശുപത്രി വികസന സമിതികളുടെ കീഴിൽ പണിയെടുക്കുന്ന ദിവസവേതനക്കാരുടെ വേതനം സർക്കാർ മേഖലയിൽ പണിയെടുക്കുന്ന ദിവസവേതനക്കാരുടെ ശമ്പളത്തിന് തുല്യമാക്കാൻ നടപടി

122 [5911] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആശുപത്രി വികസന സമിതികളുടെ കീഴിൽ പണിയെടുക്കുന്ന ദിവസവേതനക്കാരുടെ വേതനം വെട്ടിക്കുറച്ച നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly